(ഡി)

പഞ്ചായത്ത്	മാസം തോറും അടയ്ക്കേണ്ട തുക	യഥാർത്ഥത്തിൽ അടയ്ക്കേണ്ടതുക 31-1-2005 വരെ	ഗ്രാന്റിനത്തിൽ അധികമായി വസൂലാക്കിയത്
ചക്കിട്ടപാറ	24,938	10,23,328	ഇല്ല
ചങ്ങരോത്ത്	ഇല്ല	ഇല്ല	3,81,582
കുത്താളി	730	ഇല്ല	ഇല്ല
കായണ്ണ	10,938	2,19,445	ഇല്ല
നെച്ചാട്	4,521	ഇല്ല	4,30,699
പേരാമ്പ്ര	13,125	ഇല്ല	1,37,399
അരിക്കുളം	4,229	ഇല്ല	8,45,085
കൊട്ടൂർ	5,105	ഇല്ല	4,90,074

(ഇ) അധികമായി ലഭിച്ച തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ രേഖാമൂലം ആവശ്യപ്പെടുന്നതനുസരിച്ച് കാലതാമസം കൂടാതെ തിരിച്ച് നൽകുന്നതാണ്.

വെള്ളക്കര കുടിശ്ശിക

60 [1778] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിക്ക് സംസ്ഥാനത്തെ വിവിധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വെള്ളക്കരം കുടിശ്ശികയിനത്തിൽ എത്ര തുക പിരിഞ്ഞു കിട്ടാനുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) പതിനായിരക്കണക്കിനുമേൽ രൂപ കുടിശ്ശികയായിട്ടുള്ള എത്ര സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളുമുണ്ട്; ഇവരിൽ നിന്നും ആകെ എത്ര തുകയാണ് വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ ലഭിക്കുവാനുള്ളത്;

(സി) കുടിശ്ശിക തുക പിരിച്ചെടുക്കാൻ വാട്ടർ അതോറിറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 31-12-2004 വരെയുള്ള കണക്കുപ്രകാരം 91 കോടി രൂപയോളം പിരിഞ്ഞു കിട്ടുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പതിനായിരക്കണക്കിന്മേൽ രൂപ കുടിശ്ശികയായിട്ടുള്ള സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും എത്രയുണ്ടെന്നുള്ള വിശദവിവരം ശേഖരിച്ചുവരുന്നു. സ്വകാര്യ വ്യക്തികളിലും സ്ഥാപനങ്ങളിലും നിന്ന് 31-12-2004 വരെ ഉദ്ദേശം 37 കോടി രൂപയോളം പിരിഞ്ഞ് കിട്ടുവാനുണ്ട്.

(സി) കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കൾക്ക് കുടിശ്ശിക തുക ഉടനെ അടച്ചുതീർക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസുകൾ അതോറിറ്റിയുടെ ബന്ധപ്പെട്ട റവന്യൂ ഓഫീസുകളിൽ നിന്നും നൽകാറുണ്ട്. മാധ്യമങ്ങളിലൂടെ ഉപഭോക്താക്കളെ കുടിശ്ശിക അടയ്ക്കാൻ പ്രേരിപ്പിച്ചും സ്ഥാപനങ്ങളുടെ മേധാവികളുമായി ബന്ധപ്പെട്ടും കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള ശ്രമം നടത്താറുണ്ട്. ഭീമമായ കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾക്ക് മുൻകൂർ നോട്ടീസ് നൽകി വാട്ടർ കണക്ഷൻ വിശ്ഛേദിക്കുകയും, എന്നിട്ടും കുടിശ്ശിക ഒടുക്കാത്ത ഉപഭോക്താക്കൾക്കെതിരെ റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കാറുണ്ട്.

ഗാർഹികേതര വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കളിൽ നിന്നും ദീർഘകാലമായി ലഭിക്കുവാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ഈ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് അതോറിറ്റിയുടെ അംഗീകാരത്തോടുകൂടി ചില ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം കുടിശ്ശിക തുക ഒറ്റത്തവണയായി അടച്ചു തീർക്കുവാൻ സന്നദ്ധരാകുന്ന ഗാർഹികേതര ഉപഭോക്താക്കൾക്ക് പ്രതിമാസ പിഴ ഒഴിവാക്കുകയും പകരം വാർഷിക കുറ്റുപലിശ ഈടാക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

കടൽഭിത്തി നിർമ്മാണം

61 [1779] ശ്രീ. മഞ്ഞളാംകുഴി അലി :

,, വി. കെ. സി. മമ്മത്കോയ :

,, ടി. കെ. ദേവകുമാർ :

,, കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്ത പശ്ചാത്തലത്തിൽ കടൽഭിത്തി നിർമ്മാണം നടത്തുമ്പോൾ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതിനകം പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽഭിത്തി നിർമ്മാണത്തിന് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടില്ല. അടിയന്തിരമായി കടൽഭിത്തി നിർമ്മിക്കേണ്ട സ്ഥലങ്ങളിൽ ഷോർട്ട് ടെണ്ടർ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly